# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

ജി.വി.പി.എൽ.പി.എസ്.
വെട്ടിലത്താഴം.

School code : 41528

Scanned with OKEN Scanner

# സമർപ്പണം

പൊതു വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുന്ന ഈ കാലഘട്ടത്തിൽ പൊതു സമൂഹത്തിന്റെയും സർക്കാരിന്റെയും പിന്തുണയോടെ ഞങ്ങളുടെ വിദ്യാലയത്തിന് അക്കാദമിക മികവിനോടൊപ്പം ഭൗതികവും സാമൂഹികവുമായ മാറ്റങ്ങൾ വരുത്തുവാൻ ഞങ്ങൾ അനുഷ്ഠിക്കുന്ന പ്രവർത്തനങ്ങളുടെ പ്രോജക്ട് രൂപമായ വിദ്യാലയ വികസന രേഖ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നു.

G.V.P.L.P.S.
DECENT JUNCTION (P.O)
KOLLAM 691 577
VETTILATHAZHAM

SUSHA. A
HEADMISTRESS
G.V.P.L.P.S.
VETTILATHAZHAM

Scanned with OKEN Scanner

# സ്കൂൾ പ്രൊഫൈൽ

1. സ്കൂളിന്റെ പേര് - ജി.വി.പി.എൽ.പി.എസ്, വെട്ടിലത്താഴം (വെസ്റ്റ്)
2. സ്ഥാപിത വർഷം - 1966
3. പഞ്ചായത്ത് - തൃക്കോവിൽവട്ടം
4. വാർഡ് - വെട്ടിലത്താഴം
5. ജില്ല - കൊല്ലം
6. ഉപജില്ല - ചാത്തന്നൂർ
7. ബി.ആർ.സി - ചാത്തന്നൂർ
8. ബ്ലോക്ക് - മുഖത്തല
9. ഹെഡ്മിസ്ട്രസ്സ് - സുരഭി. എ.
   ഫോൺ - 9744531789
10. സ്കൂൾ ഇ-മെയിൽ - 41528klm@gmail.com
11. അസംബ്ലി നിയോജക മണ്ഡലം - കുണ്ടറ.

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം.
4. വിദ്യാലയം മികവിന്റെ കേന്ദ്രം.
5. മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
6 പദ്ധതി വിശദാംശങ്ങൾ
7 പ്രതീക്ഷിത നേട്ടങ്ങൾ
8 മോണിറ്ററിംഗ് രീതി
9. ഉപസംഹാരം.

## ആമുഖം

വെട്ടിലത്താഴം ജി.വി.പി. എൽ.പി. സ്കൂളിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന തരത്തിലുള്ളതാണ് സ്കൂളിന്റെ സമഗ്ര വിദ്യാലയ വികസന രേഖ. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയാണ് വികസന രേഖ തയ്യാറാക്കിയിരിക്കുന്നത്. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹ്യ- രാഷ്ട്രീയ സാംസ്കാരിക സന്നദ്ധ സംഘടന പ്രവർത്തകർ, സർക്കാരിതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ മാത്രമേ ഈ വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കൂ.

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നാം ഓരോരുത്തരും പരിശ്രമിക്കേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും സമഗ്ര വികസന ലക്ഷ്യത്തോടൊപ്പം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെക്കൂടി പരിഗണിച്ച് കൊണ്ടും പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെ മുഖ്യധാരയിൽ എത്തിച്ച് കൊണ്ടും മാത്രമേ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ കഴിയൂ.

## ലക്ഷ്യങ്ങൾ

1. പ്രീ-പ്രൈമറി ശാക്തീകരണം
2. 1 മുതൽ 4 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പാക്കൽ.
3. എല്ലാവർക്കും എഴുത്തും വായനയും.
4. വായനയെ പ്രോത്സാഹിപ്പിക്കൽ
5. കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കൽ.
6. പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി പഠനവിടവ് പരിഹരിക്കൽ.
7. പൊതുവിജ്ഞാനത്തിൽ താൽപര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ.
8. ഇംഗ്ലീഷ് പഠനത്തിന് താൽപര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ
9. ഓരോ വിഷയത്തിലും ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ.
10. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഇവ പരിഗണന നൽകുക.
11. പ്രധാന ദിനാചരണങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുക.
12. 'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയം സാക്ഷാത്കരിക്കുന്നതിനായി ജൈവവൈവിധ്യ ഉദ്യാനം.
13. ഗണിത പഠനം - കളികളിലൂടെ; അടിസ്ഥാനശേഷി വികസനം
14. ലഹരി വിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തുക.

Scanned with OKEN Scanner

15 പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.

16 വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം എന്നിവ പാലിക്കുക.

17 മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി വളർത്തിയെടുക്കുക.

18. ജന്തുക്കളോട് പരിപാലനം.

19. കുട്ടികളുടെ കഴിവിന്റെ സമഗ്ര മേഖലകളുടെയും വികാസം ലക്ഷ്യമിടുന്ന ടാലന്റ് ലാബ്.

# വിദ്യാലയത്തിന്റെ ലഘു ചരിത്രം

സ്കൂളിന്റെ പൂർണ്ണ നാമധേയം ജി. വേലായുധൻപിള്ള ലോവർ പ്രൈമറി സ്കൂൾ എന്നാണ്. തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്തിലെ 22-ാം വാർഡായ വെട്ടിലത്താഴത്ത് ആണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.

1966-ൽ സ്ഥാപിതമായ ഈ സ്കൂളിന്റെ ആദ്യ മാനേജർ ജി. വേലായുധൻപിള്ള അവർകൾ ആയിരുന്നു. ഒന്നാം ക്ലാസിൽ 6 ഡിവിഷനോടു-കൂടിയാണ് സ്കൂൾ ആരംഭിച്ചത്. സമീപ പ്രദേശങ്ങളിലെ എല്ലാ കുട്ടികളും ഇവിടെയാണ് പഠിച്ചിരുന്നത്. അന്ന് അൺഎയ്ഡഡ് സ്കൂളുകൾ ഒന്നും തന്നെയില്ലായിരുന്നു.

സ്കൂൾ ആരംഭിച്ച വർഷം മുതൽ 25 വർഷക്കാലം ശ്രീ. R. നാരായണപിള്ള ആയിരുന്നു പ്രഥമ അധ്യാപകനായി സേവനം അനുഷ്ഠിച്ചിരുന്നത്. സ്കൂൾ സ്ഥാപകനായ ശ്രീ. വേലായുധൻപിള്ള അവർകൾ 1991-ൽ അന്തരിക്കുകയും തുടർന്ന് സ്കൂൾ ഭരണം ഭാര്യയായ ശ്രീമതി ഭാർഗ്ഗവിയമ്മ ഏറ്റെടുത്തു. 1997-മുതൽ സ്കൂൾ ഭരണം മകനായ ശ്രീ. സജീവ് ഏറ്റെടുത്തു. അദ്ദേഹത്തിന്റെ ചുമതലാകാലത്ത് സ്കൂളിന് ചുറ്റുമതിലും വൈദ്യുതി കണക്ഷൻ, കുടിവെള്ള സൗകര്യവും ഉണ്ടായി. 2002-ൽ അദ്ദേഹം അന്തരിച്ചു. ശ്രീമതി രജിതാറാണിയാണ് ഇപ്പോഴത്തെ സ്കൂൾ മാനേജർ.

1991-ൽ വെടിപ്പന്നാഘോഷം യുവജനങ്ങളുടെ വകയായി സ്കൂളിൽ ഒരു കൊടിമരം സ്ഥാപിക്കപ്പെട്ടു. 2004-05 അധ്യയന വർഷത്തിൽ സ്ഥലം MLA ആയ ശ്രീ. A.A അസ്സീസ് അവർകളുടെ വികസന ഫണ്ടിൽ നിന്നും 2012-13 അധ്യയന വർഷത്തിൽ സ്ഥലം MLA ആയ ശ്രീ. M. A ബേബി അവർകളുടെ വികസന ഫണ്ടിൽ നിന്നും ഓരോ കമ്പ്യൂട്ടർ ലഭിച്ചു. 2017-18 വർഷത്തിൽ സ്ഥലം MLA ആയ ശ്രീമതി ജി. മേഴ്സിക്കുട്ടിയമ്മയുടെ വികസന ഫണ്ടിൽ നിന്നും പ്രിന്റർ ഉൾപ്പെടെ ഒരു കമ്പ്യൂട്ടർ, പ്രൊജക്ടർ ഇവ ലഭിക്കുകയുണ്ടായി. 2012-13 അധ്യയന വർഷത്തിൽ ഈ സ്കൂളിലെ മുൻ ഹെഡ്മിസ്ട്രസ്സിന്റെ മകനും പൂർവ്വവിദ്യാർത്ഥിയുമായ Dr. K. സുരേഷ് സ്കൂളിന് ഒരു സ്ഥിരം പ്രോഗ്രാം വേദി പണിത് നൽകി. സ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷ പരിപാടികളുടെ ഭാഗമായി പൂർവ്വവിദ്യാർത്ഥിയും സൗപർണ്ണിക ഫിഷ് പോർട്ട് എന്റർപ്രൈസസ് ഉടമയുമായ ശ്രീ. വസന്തകുമാർ സ്കൂളിന് ഒരു മൈക്ക് സെറ്റ് സംഭാവന ചെയ്തു. അതുപോലെ പൂർവ്വ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സംഘത്തിന്റെയും പങ്കാളിത്തത്തോടെ സുവർണ്ണ ജൂബിലി സ്മാരക കവാടം, ഇരിപ്പിടങ്ങളോടു കൂടിയ നവീകരിച്ച ഊട്ടുപുര, ക്ലാസ്റൂം ലൈബ്രറി, റോട്ടറി ക്ലബ്ബിന്റെ സഹായത്തോടെ ടൈൽ പാകി നവീകരിച്ച ടോയ്‌ലറ്റ് തുടങ്ങി ഒട്ടനവധി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു.

2019-20 വർഷത്തിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 5 Laptop, 2 Projector, 5 Speaker ഇവ ലഭിക്കുകയുണ്ടായി.

സ്കൂൾ ഭരണസംബന്ധിച്ച് മാനേജ്മെന്റ് ഒരു
(പ്രീ)-പ്രൈമറി വിഭാഗം നടത്തുന്നുണ്ട്. ശ്രീമതി A. സുജയാണ്
2002 മുതൽ പ്രധാന അധ്യാപിക. നിലവിൽ സ്കൂളിൽ
8 ഡിവിഷനും 9 അധ്യാപകരുമാണ് ഉള്ളത്.

ഇങ്ങനെയൊക്കെ ആണെങ്കിലും സ്കൂളിന്
ഒട്ടനവധി പരിമിതികളുണ്ട്. സ്കൂളിന്റെ ഭൗതിക സാഹചര്യം
മെച്ചപ്പെടേണ്ടതുണ്ട്. അസംബ്ലിഹാൾ, ആധുനികവത്കരിച്ച അടുക്കള,
ലൈബ്രറി, കലാ-കായിക പരിശീലനത്തിനായി അധ്യാപകർ, ഭിത്തി
കെട്ടി വേർതിരിച്ച ക്ലാസ് മുറികൾ ഇങ്ങനെ ഒട്ടനവധി പ്രവർത്തനങ്ങൾ
നടപ്പിലാക്കേണ്ടവയാണ്.

# വിദ്യാലയം മികവിന്റെ കേന്ദ്രം.

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഒട്ടേറെ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നു. പഠന പിന്നോക്ക അവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേകം സമയം കണ്ടെത്തി പ്രവർത്തനങ്ങൾ നൽകി വരുന്നു. ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്നതിനായി 'spelling star' നടത്തുന്നു. പൊതുവിജ്ഞാനത്തിൽ താൽപര്യം ജനിപ്പിക്കുന്നതിന് ഉത്തരപെട്ടി. വായനയിൽ താൽപര്യം ജനിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറി; പ്രധാനപ്പെട്ട ദിനാചരണങ്ങൾ അസംബ്ലിയിൽ കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തുന്നു. ശാസ്ത്ര. ഗണിത ശാസ്ത്ര. സാമൂഹ്യ ശാസ്ത്ര മേളകളിലും കലോത്സവങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുന്നു. കുട്ടികളുടെ പഠന നിലവാരം അറിയുന്നതിനായി നിരന്തര മൂല്യനിർണയവും ടേം മൂല്യനിർണയവും നടത്തുന്നു. SRG കൂടി സ്കൂൾ വാർഷിക കലണ്ടർ തയ്യാറാക്കി ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. കുട്ടികളുടെ പഠനനിലവാരം അറിയിക്കുന്നതിനായി Class PTA കൂടുന്നു. Cluster പരിശീലനത്തിനും അവധിക്കാല അധ്യാപക പരിശീലനത്തിലും അധ്യാപകർ പങ്കെടുക്കുകയും അവ ക്ലാസ്മുറികളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

Scanned with OKEN Scanner

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1. പ്രീ പ്രൈമറി ശാക്തീകരണം.
2. ഭാഷാശേഷി വികസനം
3. ഗണിതശേഷി വികസനം
4. ഇംഗ്ലീഷ് പഠന പരിപോഷണം
5. വായനാ പരിപോഷണം.
6. ലൈബ്രറി ശാക്തീകരണം.
7. ജൈവവൈവിധ്യ ഉദ്യാനം.
8. കലാകായിക മേളകൾ
9. ഐ.ടി. പരിശീലനം
10. അധ്യാപക ശാക്തീകരണ പരിപാടികൾ
11. ക്ലാസ് പി.ടി.എ. സജീവമാക്കൽ.
12. പഠന, ബാലസാഹിത്യ മാസികകൾ
13. പ്രവൃത്തി പരിചയ പഠനം.
14. ഒന്നാം ക്ലാസ്. ഒന്നാന്തരം
15. SRG ശാക്തീകരണം
16. അടുക്കള പച്ചക്കറിത്തോട്ടം
17. പോഷകാഹാര പരിപാടി
18. ഗണിത ലാബ്
19. ദിനാചരണം.
20. നിരന്തരവിലയിരുത്തൽ, ടേം മൂല്യനിർണയം
21. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം.
22. അസംബ്ലി
23. സർഗാത്മകത വളർത്തൽ.

24. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പരിഗണിക്കൽ.

25 ബോധവൽക്കരണ ക്ലാസ്.

26 ഗ്രീൻ പ്രോട്ടോക്കോൾ.

27 ടാലന്റ് ലാബ്.

# പദ്ധതി വിശദാംശങ്ങൾ

## പ്രീ-പ്രൈമറി ശാക്തീകരണം

മേഖല - അക്കാദമികം

ലക്ഷ്യങ്ങൾ :- പ്രീ പ്രൈമറി ശാക്തീകരണത്തിലൂടെ 5 വയസ്സ് വരെ കുട്ടി ആർജിക്കേണ്ട കാര്യങ്ങൾ ആർജിച്ചു എന്ന് ഉറപ്പ് വരുത്തുക.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1. പ്രീ-പ്രൈമറി ശാക്തീകരണം | (1) പ്രീ-പ്രൈമറിയിലെ പഠനരീതി ശിശുകേന്ദ്രീകൃതമാക്കൽ. (2) ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ (3) കളി ഉപകരണങ്ങൾ ലഭ്യമാക്കൽ. (4) പ്രീ-പ്രൈമറി അധ്യാപകർക്ക് പരിശീലനം സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | അധ്യാപകർ<br>മാനേജ്മെന്റ്<br>മാനേജ്മെന്റ് സന്നദ്ധ സംഘടന പൂർവ്വ വിദ്യാർത്ഥികൾ<br>SSK, DIET | ശിശുസൗഹൃദ ക്ലാസ് റൂം,<br>ഭിത്തിയിൽ കാർട്ടൂൺ കഥാപാത്രങ്ങളുടെ ചിത്രങ്ങൾ<br>കളിപ്പാർക്ക് - ഊഞ്ഞാൽ, സ്ലൈഡ് | 200000/- |

Scanned with OKEN Scanner

മേഖല - വിഷയം - മലയാളം · അക്കാദമികം

ഉപമേഖല - ഭാഷാപഠനം (മലയാളം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3 ചിഹ്നം ഉറപ്പിക്കൽ<br>4 അക്ഷരകാർഡ് നൽകൽ.<br>5 ചിത്ര വായന<br>6 പാട്ടരങ്ങ്.<br>7. ഒന്നൊരുക്കം.<br>8. കഥാപൂരണം. | ജൂൺ - ഡിസം | അധ്യാപകർ<br>പി.ടി.എ<br>എം.പി.ടി.എ<br>എസ്.ആർ.ജി | പുസ്തകം<br>ചാർട്ട് | |
| 2. ഭാഷാവർദ്ധനം എഴുത്തും വായനയും | 1. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3 ഗ്രന്ഥശാല സന്ദർശനം<br>4 പത്രവായന<br>5 വിദ്യാരംഗം കലാസാഹിത്യവേദി<br>6 കവിയോടൊപ്പം.<br>7 സാംസ്കാരിക സദസ്സ്<br>8 സർഗോത്സവം. | ജൂൺ - ജൂലൈ | അധ്യാപകർ,<br>പി.ടി.എ<br>എം.പി.ടി.എ.<br>ഗ്രന്ഥശാല | സ്കൂൾ ലൈബ്രറി<br>ക്ലാസ് ലൈബ്രറി<br>പത്രം<br>ബാലസാഹിത്യ കൃതികൾ<br>ചാർട്ട്. | |
| 3. പഠനപിന്തുണ. | 1) ചിഹ്നം ഉറപ്പിക്കൽ<br>2 വാക്കുകൾ നിർമ്മിക്കൽ<br>3 വാക്യങ്ങൾ നിർമ്മിക്കൽ<br>4 ചോദ്യോത്തരപ്പാട്ട്<br>5 കഥാപൂരണം<br>6 ചിത്രവായന<br>7 അനുവർത്തന വായന | ജൂൺ - മാർച്ച് | അധ്യാപകർ<br>പി.ടി.എ<br>രക്ഷാകർത്താക്കൾ<br>BRC. | | |

Scanned with OKEN Scanner

# വിഷയം – ഗണിതം

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

പ്രവർത്തനത്തിന്റെ പേര് - ഗണിതം മധുരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1. എല്ലാകുട്ടികൾക്കും ഗണിതത്തിൽ അടിസ്ഥാനശേഷി വികസിപ്പിക്കൽ. | ① പ്രീ-ടെസ്റ്റ് പഠനത്തിലെ കണ്ടെത്തൽ. ② പഠിപ്പിക്കൽ ③ ഗണിതകളികൾ ④ സംഖ്യാബോധം. | ജൂൺ - ജൂലൈ | അധ്യാപകർ PTA | | |
| 2. ഗണിതലാബ് :- ഗണിതം കൂടുതൽ ലളിതവും രസകരവും ആക്കുന്നതിന്. | (1) സ്ഥലം കണ്ടെത്തൽ (2) ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ, സജ്ജീകരിക്കൽ (ഗണിതകാർഡ്, രൂപങ്ങൾ, പസ്സിൽ, ചാർട്ട്, ഡൈസ്, അബാക്കസ്, സ്ഥാനവിലപോക്കറ്റ്, അളവ് തൂക്ക ഉപകരണങ്ങൾ, കളിക്കോപ്പുകൾ | ആഗസ്റ്റ് - ഡിസംബർ | അധ്യാപകർ PTA സന്നദ്ധ സംഘടന | ഗണിത ലാബ് വിവിധ രൂപങ്ങൾ അളവുതൂക്ക ഉപകരണങ്ങൾ | |
| 3. ഗണിതവുമായി ബന്ധപ്പെട്ട ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | (1) ഗണിത പസ്സിൽ (2) ഗണിത പാട്ടുകൾ (3) ഗണിത കളികൾ 4 ഗണിത ക്വിസ് 5 പഠനോപകരണ നിർമ്മാണം 6 ഗണിത അസംബ്ലി 7 ഗണിതപതിപ്പ് | ജൂൺ - ഡിസംബർ | അധ്യാപകർ PTA MPTA | പുസ്തകം, Worksheet Chart. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 4. ഗണിത ക്ലബ്ബ് | | | | | |
| ക്ലാസ്സും പ്രവർത്തനങ്ങളെ ക്ലബ്ബ് പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിന് | (1) ഗണിത ക്ലബ്ബ് രൂപീകരണം<br>(2) ലാബ്, ലൈബ്രറി എന്നിവയുടെ ഉദ്ഘാടനം നടത്തൽ<br>(3) ഗണിത ക്വിസ്<br>(4) ഗണിത അസംബ്ലി<br>(5) ഗണിത ദിനാചരണങ്ങൾ സംഘടിപ്പിക്കൽ.<br>(6) ഗണിത പസിലുകൾ<br>(7) ക്ലോക്കിന്റെ മോഡലുകൾ<br>(8) സംഖ്യാചാർട്ട് | ജൂലൈ - മാർച്ച് | അധ്യാപകർ<br>PTA<br>BDC. | ലാപ്ടോപ്പ് | |
| 5. ഐ.ടി. അധിഷ്ഠിത ക്ലാസ് റൂം | | | | | |
| ഗണിതപഠനം രസകരമായ പ്രവർത്തനങ്ങളിലൂടെ ബുദ്ധിപരവും ചലനാത്മകവും ആക്കുന്നതിന്. | ഐ.ടി. സാധ്യത ഉപയോഗിച്ച് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>(2) ഗണിത പസിൽ<br>(3) കളിപ്പെട്ടി. | ജൂൺ - മാർച്ച് | അധ്യാപകർ. | | |

## വിഷയം:- ഇംഗ്ലീഷ്

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ് പഠന പരിപോഷണം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1. ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി കേൾക്കുന്നു, വായിക്കുന്നു, സംസാരിക്കുന്നു. | (1) പ്രീ-ടെസ്റ്റ്<br>(2) ഇംഗ്ലീഷ് പഠനോപകരണങ്ങൾ ഒരുക്കൽ<br>(3) Rhymes & Songs.<br>(4) Role play<br>5. Picture card<br>6 Letter cards.<br>7. English Assembly<br>8 News reading<br>9 Pledge.<br>10 Riddle time.<br>11 Group discussion<br>12 Story time.<br>13 English library. | A day in a week. ജൂൺ - മാർച്ച് | അധ്യാപകർ. | | |
| (2) ഇംഗ്ലീഷ് പദ സമ്പത്ത് വർദ്ധിപ്പിക്കൽ | (1) word, picture chart കളുടെ ഉപയോഗം<br>Spelling star competition<br>Dictionary making<br>Meaning in English | June - March. | അധ്യാപകർ. | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതിക സാമഗ്രികൾ |
|---|---|---|---|---|
| 3) ഇംഗ്ലീഷ് ഭാഷാ നിലവാരം ഉയർത്തുന്നു | ഇംഗ്ലീഷ് ലൈബ്രറി,<br>ക്ലാസ് ലൈബ്രറി.<br>Story writing<br>Club Activities.<br>Action song<br>Choreography<br>News Reading<br>Cartoon<br>Short film.<br>Hello English.<br>Diary.<br>Spelling Star.<br>Use of ICT<br>Picture discription | June - March. | അധ്യാപകർ<br>PTA | ലൈബ്രറി,<br>Newspaper. |

വിഷയം - പരിസരപഠനം

മേഖല - അക്കാദമികം

ഉപമേഖല - ശാസ്ത്രപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികൾക്ക് പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനവും ഉറപ്പാക്കുന്നതിനും. 3, 4 ക്ലാസുകളിൽ ശാസ്ത്രമേള. | • ശാസ്ത്രമേളയിൽ ഉണ്ടാക്കിയ മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ, തരംതിരിക്കൽ (ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ)<br>• പരീക്ഷണങ്ങൾ<br>• സാമഗ്രികൾ വാങ്ങൽ<br>• പുസ്തക ശേഖരണം.<br>• നിർമ്മാണ ശില്പശാല.<br>• സ്കൂൾ ലാബ് സജ്ജമാക്കൽ.<br>• ക്ലാസ്മുറികളിൽ സൂക്ഷിക്കാൻ കഴിയുന്ന സാമഗ്രികൾ ഏത് പാഠത്തിന്, ഏത് ക്ലാസിന് ഉപയോഗിക്കാം എന്ന് ലിസ്റ്റ് തയ്യാറാക്കൽ.<br>• 1 മുതൽ 4 വരെ ക്ലാസിലെ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.<br>• ശാസ്ത്ര പുസ്തകങ്ങൾ പരിചയപ്പെടുത്തൽ. | ജൂൺ - മാർച്ച് | അധ്യാപകർ<br>PTA. | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തൽ - പരീക്ഷണനിരീക്ഷണങ്ങളുടെ ശാസ്ത്രപഠനം ലളിതവും രസകരവും ആക്കുന്നതിന്. | • ശാസ്ത്രലാബ് സ്ഥലം കണ്ടെത്തൽ<br>• ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ<br>• സജ്ജീകരിക്കൽ<br>• ശാസ്ത്രജ്ഞന്മാരുടെ ശേഖരണം<br>• പഴയകാല ഉപകരണങ്ങളുടെ പ്രദർശനം<br>• | ജൂലൈ - മാർച്ച് | അധ്യാപകർ | | |
| പഠനയാത്ര<br>കണ്ടും കേട്ടും ശാസ്ത്രപഠനം ആസ്വാദ്യകരമാക്കൽ. | • ജൈവവൈവിധ്യപാർക്ക് സന്ദർശനം<br>• വയൽ, കാവ്, ചരിത്ര സ്മാരകങ്ങൾ, പ്ലാനറ്റേറിയം ഉവ സന്ദർശിക്കൽ.<br>• അനുഭവങ്ങൾ പങ്ക് വയ്ക്കൽ, രേഖപ്പെടുത്തൽ | ജൂലൈ - മാർച്ച് | അധ്യാപകർ PTA | | |
| ഐ.ടി. അധിഷ്ഠിതപഠനം | ഐ.ടി. സാധ്യത ഉപയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | അധ്യാപകർ | Laptop Projector | |
| പോഷകാഹാര പദ്ധതി | • വിഷരഹിത പച്ചക്കറി തോട്ടം<br>• തിളപ്പിച്ച വെള്ളം നൽകാനുള്ള സംവിധാനം<br>• ചൂടും വെളിച്ചവും നൽകുന്ന പാചകപ്പുര.<br>• പാചക ഉപകരണങ്ങൾ ഉറപ്പാക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ<br>ഉച്ചഭക്ഷണ കമ്മിറ്റി<br>MPTA<br>Panchayath<br>MLA | പാചകപ്പുര | |

Scanned with OKEN Scanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം സാമ്പത്തികം. |
|---|---|---|---|---|
| ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ | • ജൈവ, അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം.<br>• പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഹരിതകർമ്മ സേനയ്ക്ക് കൈമാറൽ.<br>• പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം കുറയ്ക്കൽ. | ജൂൺ - മാർച്ച് | അധ്യാപകർ<br>പഞ്ചായത്ത്<br>ഹരിതകർമ്മ സേന. | മാലിന്യ സംസ്കരണ പ്ലാന്റ്. |
| ക്യാമ്പസ് ഒരു പാഠപുസ്തകം<br>കുട്ടികൾക്ക് പരിസരപഠനവുമായി ബന്ധപ്പെട്ട് നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് സസ്യങ്ങൾ തിരിച്ചറിയുന്നതിന് | • ജൈവവൈവിധ്യ ഉദ്യാനം<br>• സസ്യങ്ങളുടെ ശേഖരണം.<br>• പേര് രേഖപ്പെടുത്തൽ<br>• ഔഷധസസ്യങ്ങൾ<br>• പച്ചക്കറിത്തോട്ടം<br>• സംരക്ഷണച്ചുമതല<br>• ജൈവവൈവിധ്യ ഉദ്യാനം നിരീക്ഷണം രേഖപ്പെടുത്തൽ | ജൂൺ - മാർച്ച് | ഹെഡ്.എം<br>അധ്യാപകർ<br>PTA | |

Scanned with OKEN Scanner

## പ്രതീക്ഷിത നേട്ടങ്ങൾ

- പ്രീ-പ്രൈമറിയിലെ എല്ലാ കുട്ടികളും ആർജിക്കേണ്ട കാര്യങ്ങൾ ആർജിച്ചുവെന്ന് ഉറപ്പ് വരുത്തും.
- 1 മുതൽ 4 വരെ ഓരോ ക്ലാസിലും കുട്ടികളുടെ പഠന നേട്ടങ്ങളും ധാരണകളും നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കൽ
- പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ തുടർ പരിപാടിയിലൂടെ മുൻനിരയിൽ എത്തിക്കും.
- കുട്ടികളുടെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.
- കലാ-കായിക, ഗണിതശാസ്ത്ര മേളകളിൽ പങ്കെടുപ്പിക്കും.
  ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പഠനം കൂടുതൽ രസകരമാക്കും.
- എല്ലാ കുട്ടികളെയും എഴുത്തിലേക്കും വായനയിലേക്കും നയിക്കുന്നതിനാവശ്യമായ പഠന അവസരം ഒരുക്കും.
- ജൈവ വൈവിധ്യ ഉദ്യാനത്തിലൂടെ 'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയം സാക്ഷാത്കരിക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് BRC യിൽ നിന്നുള്ള അധ്യാപകരുടെ സേവനം ഉറപ്പാക്കും.
- ലഹരി ഉപയോഗത്തിന് എതിരെ കുട്ടികൾക്ക് ബോധവത്കരണം നടത്തും.
- സ്കൂളിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കും.
- [illegible] ഉച്ചഭക്ഷണം പാഴാക്കി [illegible] വേണ്ട നടപടികൾ സ്വീകരിക്കും.

# മോണിറ്ററിംഗ് രീതി

സ്കൂളിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ പ്രവർത്തനങ്ങളാണ് വികസന രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അക്കാദമിക പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് സ്കൂൾ തലത്തിലും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലും യഥാസമയം നടത്തേണ്ടതാണ്. കുട്ടികളുടെ പഠന പ്രവർത്തനങ്ങളുടെ നിരന്തര വിലയിരുത്തലും ഇതര പ്രവർത്തനങ്ങളുടെ ആസൂത്രണവും അതാത് അധ്യാപകർ ചെയ്യേണ്ടതാണ്. പ്രധാന അക്കാദമിക പ്രവർത്തനങ്ങൾ [illegible] പൂർത്തിയായി എന്ന് SRG യിൽ ചർച്ച ചെയ്യുന്നു. ~~[illegible]~~ ഉച്ചഭക്ഷണ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികളും മെനുവും തയ്യാറാക്കുന്നു. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും പുരോഗതി മോണിറ്ററിംഗ് ചെയ്യുന്നതിനും വിദ്യാലയ വികസന സമിതിയും PTA executive കമ്മിറ്റിയും മാനേജ്മെന്റും പ്രധാന പങ്ക് വഹിക്കുന്നു. സമൂഹ ബന്ധിത പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിദ്യാലയ വികസന സമിതിയുടെയും PTA യുടെയും മാനേജ്മെന്റിന്റെയും നേതൃത്വത്തിൽ അവലോകനം ചെയ്യേണ്ടതാണ്.

Scanned with OKEN Scanner

## ഉപസംഹാരം

വെട്ടിലത്താഴം ജി.വി.പി.എൽ.പി. സ്കൂളിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിലെ വികസനം ലക്ഷ്യം വച്ചുകൊണ്ട് നടപ്പാക്കുന്ന പദ്ധതികളാണ് 2025-26 വർഷത്തെ വിദ്യാലയ വികസന രേഖയിൽ ഉള്ളത്. അധ്യാപകർ, രക്ഷാകർത്താക്കൾ, മാനേജ്മെന്റ്, വിദ്യാലയ വികസനസമിതി, പൂർവ്വ വിദ്യാർത്ഥികൾ, സർക്കാർ-സർക്കാരിതര ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ കൂട്ടായ്മയിലൂടെ ഇവ പൂർത്തീകരിക്കാമെന്ന് ലക്ഷ്യമിടുന്നു.

G.V.P.L.P.S.
VETTILATHAZHAM

SUSHA. A
HEADMISTRESS
G.V.P.L.P.S.
VETTILATHAZHAM

Scanned with OKEN Scanner